എണ്ണത്തിലും അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 87 ജീവനക്കാർ കുറ്റക്കാരാണെന്നുകണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

(ഡി) ഈ സെല്ലുകളിൽ ലഭിക്കുന്ന പരാതികളിൽമേൽ സമയബന്ധിതമായ തീർപ്പു കല്പിക്കുന്നതിനും വിജിലൻസ് സെല്ലുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഈ വിഷയത്തിൽ തീരുമാനമൊന്നും കൈകൊണ്ടിട്ടില്ല.

210 (276) സംയോജിത കയർ വികസന പരിപാടി

ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംയോജിത കയർ വികസന പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പരിപാടി സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര രൂപയുടെ കയറുല്പന്നങ്ങൾ കെട്ടിക്കിടക്കുന്നുണ്ട്;

(ഡി) ഇവ സംഭരിച്ച് വിറ്റഴിക്കുന്നതിനും കയർ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1993-94 വർഷം മുതലാണ് ആരംഭിച്ചത്.

(ബി) കേന്ദ്ര ഗവൺമെന്റ്, എൻ.സി.ഡി.സി എന്നിവരുടെ സാമ്പത്തിക സഹായത്തോടെ 93-94 മുതൽ നടപ്പിൽവരുത്തിയ സംയോജിത കയർ വികസന പദ്ധതികൾ സഹകരണ മേഖലയിൽ 100 യന്ത്രവൽക്കൃത ചകിരി മില്ലുകളും 200 മോട്ടോറൈസ്ഡ് കയറുപിരി യൂണിറ്റുകളും സ്ഥാപിക്കുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയോളം മുതൽമുടക്ക് വരും. ഇതുവരെ 125 കയർപിരി യൂണിറ്റുകൾക്കും 50 ചകിരി നിർമ്മാണമില്ലുകൾക്കും ധനസഹായമനുവദിച്ചിട്ടുണ്ട്. ഇതിൽ 74 കയർപിരി യൂണിറ്റുകളും 18 ചകിരി മില്ലുകളും സ്ഥാപിച്ച് ഉല്പാദനം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ളവ വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്. യന്ത്രങ്ങൾ, വൈദ്യുതി ഇവ ലഭിക്കുന്ന മുറയ്ക്ക് അവയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ഏകദേശം 25 കോടി രൂപയുടെ

(ഡി) കയർ, കയറുല്പന്നങ്ങൾ എന്നിവ സംഭരിച്ച് വിറ്റഴിക്കുന്നതിനും കയർ സഹകരണസംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും സർക്കാർ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

211 (277) വൃദ്ധജന സംരക്ഷണ നിയമം

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "വൃദ്ധജനസംരക്ഷണ നിയമം" കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) വൃദ്ധസദനങ്ങളുടെ പ്രവർത്തനം പരിഹരിക്കുന്നതിന് ഐ.എം.ജി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) വാർധക്യകാല പെൻഷൻ പദ്ധതിക്കുവേണ്ടി 1998-99 വർഷം കേന്ദ്ര വിഹിതം അനുവദിച്ചിരുന്നുവോ; എങ്കിൽ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതുമൂലം തുക ലാപ്സായി പോകാനിടയായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(എഫ്) നടപ്പുവർഷം ഇപ്രകാരം തുക ലാപ്സായി പോകുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 'വൃദ്ധനയം' സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലാണ്.

(സി)&(ഡി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് പോരായ്മകൾ ദൂരീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി ഐ.എം.ജി. യെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ വൃദ്ധസദനങ്ങളും ഉൾപ്പെടും. 1,85,000 രൂപ (ഒരു ലക്ഷത്തി എൺപത്തിയയ്യായിരം രൂപ മാത്രം) ഇതു സംബന്ധിച്ച ചെലവിലേക്കായി അനുവദിച്ചിട്ടുണ്ട്. റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല.

(ഇ)&(എഫ്) വാർധക്യകാലപെൻഷൻ പദ്ധതിക്കുവേണ്ടി 1998-99 വർഷം കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് അലോട്ടുചെയ്തിരുന്ന 1252.37 ലക്ഷം രൂപയിൽ 1026.54 ലക്ഷം രൂപ വിതരണം ചെയ്തു. മുൻവർഷത്തെ നീക്കിയിരിപ്പു തുക ഉൾപ്പെടെ രൊക്കം ഈ വകയിൽ 1243.74 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. പദ്ധതിവിഹിതം പൂർണ്ണമായും അനുവദിക്കാതിരുന്നത് ഗുണഭോക്താക്കളുടെ ദൗർലഭ്യംമൂലംമാത്രമല്ല. ജില്ലാകളക്ടർമാരുടെ കൈവശമുള്ള തുകയുടെ വിനിയോഗസർട്ടിഫിക്കറ്റും മുൻവർഷത്തെ ആഡിറ്റ് സർട്ടി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly